(ബി) ആകെ 1173 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികളെ ശിപാർശ ചെയ്യുന്ന മുറയ്ക്ക് ഈ ഒഴിവുകൾ നികത്തുന്നതായിരിക്കും.

സി-ആപ്റ്റ് എം.ഡി.-യുടെ പേരിൽ വിജിലൻസ് കേസ്

257 (3891) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പൊതു മേഖല സ്ഥാപനമായ സി-ആപ്റ്റ് എം.ഡി.-യുടെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) വിജിലൻസ് അന്വേഷണം എപ്പോൾ പൂർത്തിയാകും ;

(ഡി) പ്രാഥമിക പരിശോധനയിൽ പ്രസ്തുത സ്ഥാപനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ പേരിൽ വിജിലൻസ് കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി&സി) ലോട്ടറി ടിക്കറ്റുകളുടെ അച്ചടി ജോലിക്ക് സി-ആപ്റ്റ് പുറം കരാർ നൽകിയതിനെ തുടർന്ന് സ്ഥാപനത്തിന് കോടികളുടെ നഷ്ടം സംഭവിച്ചതിനെ സംബന്ധിച്ച് സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ പേരിൽ വി.ഇ.03/2014/എസ്.ഐ.യു.II എന്ന നമ്പരിൽ ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(ഡി) അന്വേഷണം പുരോഗമിക്കുന്നു. നഷ്ടം കണക്കാക്കപ്പെട്ടിട്ടില്ല.

പി. രാജേന്ദ്രന് എതിരായി വിജിലൻസ് സാമ്പത്തിക അഴിമതി കേസ്

258 (3892) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ തിരുവനന്തപുരം ബ്രാഞ്ച് ഓഫീസ് മാനേജർ പി. രാജേന്ദ്രന് എതിരായി വിജിലൻസ് സാമ്പത്തിക അഴിമതി കേസ് എടുക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് ചാർജ് ചെയ്തതെന്നും വിജിലൻസ് കേസ് നമ്പറും കോടതിയിലെ കേസിന്റെ ഫയൽ നമ്പർ സഹിതം വിവരം ലഭ്യമാക്കാമോ ;

(സി) ടിയാനെതിരെ പ്രസ്തുത കേസ് അല്ലാതെ മറ്റേതെങ്കിലും വിജിലൻസ് കേസ് നിലവിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മേൽപ്പറഞ്ഞ കേസുമായി ബന്ധപ്പെട്ട് ടിയാനെതിരെ ഡിപ്പാർട്ട്മെന്റ് നടപടി വിജിലൻസ് ആവശ്യപ്പെട്ടിരുന്നോ ;

(ഇ) എങ്കിൽ ടിയാനെതിരെ നടപടി സ്വീകരിക്കാതെ സംരക്ഷണം നൽകുന്ന കെ.എഫ്.സി.-യുടെ എച്ച്.ആർ. ഡിപ്പാർട്ടുമെന്റിന് എതിരെ നടപടി സ്വീകരിക്കുമോ ;

(എഫ്) ടിയാനെ ജോലിയിൽനിന്നും മാറ്റി നിർത്താതെ അന്വേഷണം നടത്തുന്നത് ഫലപ്രദമായ കേസന്വേഷണത്തെ ബാധിക്കും എന്ന കാര്യം ശ്രദ്ധിക്കുമോ ;

(ജി) എങ്കിൽ ടിയാനെ പ്രസ്തുത സ്ഥാനത്തുനിന്നും മാറ്റിനിർത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ തിരുവനന്തപുരം ബ്രാഞ്ച് ഓഫീസ് മാനേജർ ശ്രീ. പി. രാജേന്ദ്രന് എതിരായി വ്യാജരേഖകൾ ചമച്ച് കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും ലോൺ എടുത്തത് സംബന്ധിച്ച് 12-1-2010-ൽ ഒരു വിജിലൻസ് കേസ് (വി.സി.01/2010/റ്റി.വി.എം) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി.

(ബി) 1988-ലെ അഴിമതി നിരോധന നിയമത്തിലെ 13(2), 13(1) (ഡി), ഇന്ത്യൻ ശിക്ഷാ നിയമം 468, 471, 420, 34 എന്നീ വകുപ്പുകൾ പ്രകാരമാണ് വിജിലൻസ് കേസ് (വി.സി.01/2010/റ്റി.വി.എം) രജിസ്റ്റർ ചെയ്തത്. പ്രസ്തുത കേസിൽ ഒന്നാം പ്രതിക്കെതിരെ വകുപ്പുതല നടപടിയും രണ്ടും മൂന്നും പ്രതികൾക്കെതിരെ തിരുവനന്തപുരം ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സി.സി.74/2012 ആയി 26-2-2011-ന് കുറ്റപത്രം സമർപ്പിക്കുകയും ആയവ വിചാരണയിലും ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിജിലൻസ് ആഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ടിയാനെതിരെ മറ്റു കേസുകൾ ഒന്നും നിലവിലില്ല.

(ഡി&ഇ) പ്രസ്തുത കേസിൽ ഒന്നാം പ്രതിയായ ശ്രീ. പി. രാജേന്ദ്രനെതിരെ വകുപ്പുതല അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്ത് വസ്തുതാ റിപ്പോർട്ട് സർക്കാരിൽ ലഭിക്കുകയും, ശിപാർശ അംഗീകരിച്ച് 3-9-2011-ലെ 8131/ഡി1/2011/വിജി നമ്പർ എന്ന സർക്കാർ കത്തുപ്രകാരം ശ്രീ. പി. രാജേന്ദ്രനെതിരെ അച്ചടക്ക നടപടി എടുക്കാൻ ധനകാര്യ വകുപ്പിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. അതിൻപ്രകാരം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ടിയാനെതിരെ അച്ചടക്ക നടപടി 'താക്കീത് ' നൽകി തീർപ്പാക്കിയിട്ടുണ്ട്.

(എഫ് & ജി) അന്വേഷണം പൂർത്തിയാക്കി വസ്തുതാ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിക്കെതിരെ പരാതി

259 (3893) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിക്കെതിരെ വിജിലൻസിൽ ആരെങ്കിലും പരാതി സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരാണ് പരാതി സമർപ്പിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ബി) പ്രാഥമിക റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദമായ അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) പ്രാഥമിക അന്വേഷണത്തിൽ പ്രസ്തുത സ്ഥാപനത്തിന് നഷ്ടം സംഭവിച്ചതായി വ്യക്തമായിട്ടുണ്ടോ; അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി ശ്രീ. ഒ. റ്റി. പ്രകാശ്, ഓണാഘോഷത്തോടനുബന്ധിച്ചുള്ള 'കടലോളം ഓണം' പരിപാടിയുമായി ബന്ധപ്പെട്ട് നടത്തിയ അഴിമതി ആരോപണം സംബന്ധിച്ച് പട്ടികജാതിക്ഷേമ സമിതി പ്രസിഡന്റ് ശ്രീ. എസ്. പ്രഹ്ലാദന്റെ പക്കൽ നിന്നുള്ള 5-9-2013, 8-8-2014 തീയതികളിലെ പരാതികൾ വിജിലൻസ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly